## വഴിവെളിച്ചം

# പുരസ്കാരം ഏറ്റുവാങ്ങുവിൻ!

عَنْ سَعِيدِ بنِ أَوْسٍ ، عَنْ أَبِيهِ رَضِيَ اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: إِذَا كَانَ يَوْمُ عِيدِ الْفِطْرِ وَقَفَتِ الْمَلَائِكَةُ عَلَى أَبْوَابِ الطُّرُقِ فَنَادَوْا : اغْدُوا يَا مَعْشَرَ الْمُسْلِمِينَ إِلَى رَبٍّ كَرِيمٍ يَمُنُّ بِالْخَيْرِ ، ثُمَّ يُثِيبُ عَلَيْهِ الجَزِيلَ ، لَقَدْ أُمِرْتُمْ بِقِيَامِ اللَّيلِ فَقُمْتُمْ ، وَأُمِرْتُمْ بِصِيَامِ النَّهَارِ فَصُمْتُمْ ، وَأَطَعْتُمْ رَبَّكُمْ ، فَاقْبِضُوا جَوَائِزَكُمْ ، فَإِذَا صَلَّوْا نَادَى مُنَادٍ : أَلَا إِنَّ رَبَّكُمْ قَدْ غَفَرَلَكُمْ فَارْجِعُوا رَاشِدِينَ إِلَى رِحَالِكُمْ فَهُوَ يَوْمُ الجَائِزَةِ ، وَيُسَمَّى ذَلِكَ الْيَوْمُ فِي السَّمَاءِ يَوْمَ الجَائِزَةِ

**സഈദുബ്നു ഔസി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: ഈദുൽഫിത്വ്ർ വന്നെത്തിയാൽ മലക്കുകൾ വഴികവാടങ്ങളിൽ നിലയുറപ്പിക്കും. അവർ വിളിച്ചുപറയും: മുസ്‌ലിം സമൂഹമേ, നിങ്ങളെ ആദരിക്കുകയും നിങ്ങൾക്ക് പ്രതിഫലം ചൊരിഞ്ഞുതരികയും ചെയ്യുന്ന ഔദാര്യവാനായ നാഥങ്കലേക്ക് നീങ്ങിക്കൊള്ളുക! അവൻ രാത്രി നമസ്കാരത്തിന് നിങ്ങളോട് കൽപിച്ചപ്പോൾ നിങ്ങളതു നിർവഹിച്ചു. പകൽ നോമ്പനുഷ്ഠിക്കാൻ കൽപിച്ചപ്പോൾ നിങ്ങൾ നോമ്പെടുത്തു. അങ്ങനെ നിങ്ങൾ നിങ്ങളുടെ നാഥനെ അനുസരിച്ചു. അതിനാൽ നിങ്ങൾക്കുള്ള പുരസ്കാരങ്ങൾ ഏറ്റുവാങ്ങുക! പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ ഒരു മലക്ക് ഇപ്രകാരം വിളംബരം ചെയ്യും: അറിയുക, നിങ്ങളുടെ നാഥൻ നിങ്ങളുടെ പാപങ്ങൾ പൊറുത്തു തന്നിരിക്കുന്നു. അതിനാൽ സന്മാർഗചാരികളായി നിങ്ങളുടെ ഭവനങ്ങളിലേക്ക് തിരിച്ചു ചെല്ലുക. ഇത് ഉപഹാരത്തിന്റെ നാളാണല്ലോ. ആ ദിനം വാനലോകത്ത് 'യൗമുൽ ജാഇസ' (സമ്മാനദിനം) എന്ന് പേര് വിളിക്കപ്പെടും" (ത്വബ്റാനി).***

**നോമ്പെടുത്തും** രാത്രി നമസ്കരിച്ചും വിശുദ്ധ മാസത്തെ ധന്യമാക്കിയ സച്ചരിതരായ ദൈവദാസന്മാർക്ക് പെരുന്നാൾ ദിനത്തിൽ അല്ലാഹു നൽകുന്ന പ്രത്യേക അനുഗ്രഹത്തെ കുറിച്ചാണ് ഈ പ്രവാചക വചനം. റമദാൻ മത്സരക്കളരിയായിരുന്നു. മത്സരത്തിൽ പങ്കെടുത്ത് ജേതാക്കളായവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുക എന്നത് മത്സരം സംഘടിപ്പിച്ചവന്റെ ബാധ്യതയാണ്. അല്ലാഹു മാന്യനും ഔദാര്യവാനുമാണ്. അതിനാൽ റമദാന് ശേഷമുള്ള ആദ്യപ്രഭാതത്തെ തന്നെ പാരിതോഷികങ്ങൾ നൽകാനുള്ള സന്ദർഭമായി അവൻ തെരഞ്ഞെടുത്തിരിക്കുന്നു. പെരുന്നാൾ ദിനത്തെ 'സമ്മാന ദിനം' (യൗമുൽ ജാഇസ) എന്ന് പേര് വിളിച്ച് ആദരിക്കുകയും ചെയ്തിരിക്കുന്നു!

അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രമാണ് നോമ്പുകാർ ലക്ഷ്യം വെച്ചത്. മറ്റൊന്നും അവരുടെ കർമങ്ങളുടെ പ്രചോദനമായിരുന്നില്ല. അന്നപാനീയങ്ങൾ ഉപേക്ഷിക്കാൻ പറഞ്ഞപ്പോൾ അവരത് ഉപേക്ഷിച്ചു. ലൈംഗിക മോഹങ്ങൾ അടക്കിവെക്കാനുള്ള കൽപന കർശനമായി പാലിച്ചു. രാത്രി ഉറക്കം വെടിഞ്ഞ് എഴുന്നേറ്റ് നമസ്കരിക്കൂ എന്ന നിർദേശം പ്രാവർത്തികമാക്കി. ഇഷ്ടപ്പെട്ടതെല്ലാം ത്യജിച്ച് സ്രഷ്ടാവിന്റെ മുന്നിൽ പൂർണ വിധേയത്വവും അനുസരണവും പ്രഖ്യാപിക്കുകയായിരുന്നു അവർ. അതിനാൽ അവർ സവിശേഷം പരിഗണിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു.

ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്ന ഒരു പ്രവാചകവചനം ഇങ്ങനെയാണ്: "പെരുന്നാൾ ദിനത്തിലെ പ്രഭാതത്തിൽ അല്ലാഹു അവന്റെ മലക്കുകളെ ഓരോ നാടുകളിലേക്കും പറഞ്ഞയക്കും. അങ്ങനെ അവർ ഭൂമിയിൽ വന്ന് വഴി കവാടങ്ങളിൽ നിലയുറപ്പിച്ച് മനുഷ്യരും ജിന്നുകളുമൊഴികെയുള്ള സർവ സൃഷ്ടിജാലങ്ങളും കേൾക്കുമാറുച്ചത്തിൽ വിളിച്ചുപറയും: "അല്ലയോ മുഹമ്മദിന്റെ സമുദായമേ, എണ്ണമറ്റ അനുഗ്രഹങ്ങൾ നിങ്ങൾക്ക് ചൊരിഞ്ഞു തന്നിട്ടുള്ള ഔദാര്യവാനായ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് പുറപ്പെട്ടുകൊള്ളുവിൻ!" നമസ്കാര സ്ഥലത്ത് വന്നെത്തിയാൽ അല്ലാഹു മലക്കുകളോട് ചോദിക്കും: "ഏൽപിക്കപ്പെട്ട ജോലികളെല്ലാം ചെയ്തു തീർത്ത തൊഴിലാളികൾക്ക് ഇനി എന്താണ് പ്രതിഫലമായി നൽകേണ്ടത്?" മലക്കുകൾ പറയും: "ഇലാഹേ, തൊഴിലാളികൾക്ക് അവരുടെ കൂലി നീ തികച്ചുകൊടുത്താലും!" അപ്പോൾ അല്ലാഹു പറയും: "എങ്കിൽ ഞാനിതാ സാക്ഷ്യംവഹിക്കുന്നു: റമദാനിൽ വ്രതമനുഷ്ഠിക്കുകയും രാത്രി നിന്ന് നമസ്കരിക്കുകയും ചെയ്തവർക്ക് എന്റെ തൃപ്തിയും എന്റെ പക്കൽനിന്നുള്ള പാപമോചനവും ഞാൻ പ്രതിഫലമായി നിശ്ചയിച്ചിരിക്കുന്നു!" ശേഷം വിശ്വാസികളോടായി അല്ലാഹു ഇപ്രകാരം വിളംബരം ചെയ്യും: "അല്ലയോ എന്റെ ദാസന്മാരേ, നിങ്ങൾ എന്നോട് ചോദിച്ചുകൊള്ളൂ. എന്റെ പ്രതാപവും മഹത്വവും തന്നെയാണ! ഇന്നേദിവസം നിങ്ങളുടെ പാരത്രിക മോക്ഷത്തിനുവേണ്ടി നിങ്ങളെന്നോട് ചോദിക്കുന്നതൊക്കെയും ഞാൻ നിങ്ങൾക്ക് നൽകുന്നതാണ്; നിങ്ങളുടെ ഐഹിക ക്ഷേമത്തിനായി നിങ്ങളെന്നോട് ആവശ്യപ്പെടുന്നതൊക്കെയും ഞാൻ പരിഗണിക്കുന്നതാണ്!" (ബൈഹഖി-*ശുഅബുൽ ഈമാൻ*, അസ്ബഹാനി-*തർഗീബുവത്തർഹീബ്*).

പെരുന്നാൾ ദിനത്തിലെ ആഘോഷം നോമ്പെടുത്തവർക്ക് മാത്രമുള്ളതാണ്. വിശുദ്ധ മാസത്തെ അവഹേളിക്കുകയും ആ മാസത്തിൽ അല്ലാഹുവിന്റെ കൽപനകൾ ലംഘിക്കുകയും ചെയ്ത ദൗർഭാഗ്യവാന്മാർക്ക് പെരുന്നാൾ ദിനത്തിലെ അനുഗ്രഹങ്ങളെല്ലാം നിഷേധിക്കപ്പെടുന്നു. ജോലിചെയ്യാൻ കൂട്ടാക്കാതെ മടിപിടിച്ച് മാറിനടന്നവന് ആരും കൂലികൊടുക്കാറില്ലല്ലോ. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ത്വബ്റാനി *മുഅ്ജമുൽ കബീറി*(1/617)ൽ ഉദ്ധരിച്ചത്. ഹാഫിദ് ഹൈഥമി(റ) പറയുന്നു: 'നിവേദക പരമ്പരയിൽ ജാബിറുൽ ജുഅഫി എന്നൊരാളുണ്ട്. അദ്ദേഹം പ്രബലനാണെന്നാണ് ഥൗരിയുടെ അഭിപ്രായം. എന്നാൽ മറ്റുള്ളവർ അദ്ദേഹം ദുർബലനാണെന്ന പക്ഷക്കാരാണ്' (*മജ്മഉസ്സവാഇദ്* 2/201).